## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3663

15.12.2014 ൽ മറുപടിക്ക്

### കാസർഗോഡ് ജില്ലയിൽ സിവിൽ സർവ്വീസ് പരിശീലന കേന്ദ്രം

**ചോദ്യം**
**ശ്രീ. കെ കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)**

**മറുപടി**
**ശ്രീ. ഉമ്മൻ ചാണ്ടി**
**(ബഹു. മുഖ്യമന്ത്രി)**

| | |
|---|---|
| (എ)വിദ്യാഭ്യാസപരമായും, സാമൂഹ്യപരമായും വളരെ പിന്നോക്കം നിൽക്കുന്ന കാസർഗോഡ് ജില്ലയിൽ, സിവിൽ സർവ്വീസ് പരീക്ഷകൾക്കുള്ള പരിശീലനത്തിന് ഒരു പരിശീലന കേന്ദ്രം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ? | (എ) സംസ്ഥാനത്ത് കോഴിക്കോട്, പാലക്കാട് ജില്ലകളിൽ കേരള സംസ്ഥാന സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രങ്ങൾ നിലവിലുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ എന്നീ സ്ഥലങ്ങളിൽ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ ഉപകേന്ദ്രം ആരംഭിക്കുന്നതിനുള്ള ശുപാർശ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പല ജില്ലകളിലും സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രങ്ങൾ ആരംഭിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. എന്നാൽ പരിശീലന ക്ലാസ്സുകൾ മികച്ച നിലവാരത്തോടുകൂടി കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരും, സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിന് പരിചയസമ്പന്നരുമായ അദ്ധ്യാപകരുടെ ലഭ്യതക്കുറവാണ് കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രധാന വെല്ലുവിളി. ഈ സാഹചര്യത്തിൽ ഇപ്പോൾ പരിഗണനയിലുള്ള ചെങ്ങന്നൂർ, മൂവാറ്റുപുഴ, കോന്നി എന്നീ കേന്ദ്രങ്ങളുടെ പ്രവർത്തനം തുടങ്ങിയശേഷം മാത്രമേ പുതിയ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് പരിഗണിയ്ക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ